മാവേലി സ്റ്റോറുകൾ

203(1270) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് അറിയിക്കുമോ;

(സി) മുഴുവൻ പഞ്ചായത്തിലും മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മാവേലി സ്റ്റോർ വഴി സാധനങ്ങൾ ലഭിക്കാൻ റേഷൻ കാർഡ് നിർബന്ധമാണോ; വിശദവിവരം നൽകാമോ;

(ഇ) മാവേലി സ്റ്റോറുകളിൽ പരാതിപ്പെട്ടി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ആകെ 957 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) സ്വീകരിച്ചുവരുന്നു. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവർ സ്ഥലം നൽകിയാൽ ഉടൻതന്നെ സ്റ്റോറുകൾ ആരംഭിക്കും.

(ഡി) ആണ്. സപ്ലൈകോ വിൽപ്പനശാലകളിൽനിന്നും സബ്സിഡി സാധനങ്ങളുടെ വിൽപ്പന മാത്രമാണ് റേഷൻ കാർഡ് വഴി നിയന്ത്രിക്കുന്നത്. സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഉപഭോക്താവിന് തന്നെ ലഭ്യമാക്കുന്നതിനു വേണ്ടിയാണ് അവയുടെ വിൽപ്പന റേഷൻ കാർഡ് വഴി നിയന്ത്രിച്ചിട്ടുള്ളത്. സബ്സിഡി സാധനങ്ങളൊഴികെയുള്ള എല്ലാ സാധനങ്ങളും റേഷൻ കാർഡ് നിയന്ത്രണമില്ലാതെ വാങ്ങാവുന്നതാണ്.

(ഇ) ഉപഭോക്താക്കൾക്ക് പരാതി അറിയിക്കുന്നതിന് ഫോൺ, ഇ-മെയിൽ, പരാതി പുസ്തകം, ഉപഭോക്തൃ കമ്മിറ്റികൾ എന്നീ സംവിധാനങ്ങൾ നിലവിൽ ഉണ്ട്. എന്നിരുന്നാലും ഇത് പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly